# ഏല വിപണി പുത്തൻ ഉണർവ്വിന്റെ പാതയിൽ

ഏലക്കയെ സുഗന്ധ വിളകളിലെ റാണിയായി അറിയപ്പെടുന്നു. കുങ്കുമപ്പൂവും, വാനിലയും കഴിഞ്ഞാൽ ഏറ്റവും വിലയേറിയ സുഗന്ധവിളയണു ഈ "പച്ചപൊന്ന്". പാചകത്തിൽ മണത്തിനും രുചിക്കുമായും,സുഗന്ധമുറുക്കാനുകളിലും, പരമ്പരാഗതമായ മരുന്നുക്കൂട്ടുകളിലും ഇതു വ്യാപകമായി ഉപയോഗിക്കപ്പെടുന്നു. ഇൻഡ്യ, ഗോട്ടിമാല, ശ്രീലങ്ക, താൻസാനിയ, വിയറ്റ്നാം, കമ്പോഡിയ എന്നിവയാണു ഏലം ഉദ്പാദിപ്പിക്കുന്ന പ്രധാന രാഷ്ട്രങ്ങൾ. ആഗോളതലത്തിൽ പ്രതിവർഷം ഉദ്പാദിക്കപെടുന്ന36000ടൺഏലത്തിന്റെഏകദേശം64ശതമാനവുംഗാട്ടിമാലഎന്നരാജ്യമാണുഉദ്പാദിപ്പിക്കുന്നത്.സൗദിഅറേബ്യ, ഡെൻമാർക്ക്, ഫിൻലാൻഡ്, നോർവേ, ജപ്പാൻ, അമേരിക്ക എന്നിവയാണ് ഏലം ഉപയോഗത്തിന് മുൻപന്തിയിൽ നിൽക്കുന്ന പ്രധാന രാജ്യങ്ങൾ.

ഇന്ത്യയിൽ ഏലം ഉൽപാദനത്തിൽ മുന്നിട്ട് നിൽക്കുന്ന സംസ്ഥാനം കേരളമാണ്.ഇന്ത്യയുടെ ഏലം ഉൽപാദനത്തിന്റെ 2/3 ഭാഗവും കേരളത്തിൽ നിന്നുമാണ്. കേരളത്തിലെ ഇടുക്കി ജില്ല ഏലം ഉൽപാദനത്തിൽ പ്രധാന സ്ഥാനം വഹിക്കുന്നു.

ഏലം ഉൽപാദനവും വിപണിയുമായി ബന്ധപ്പെട്ട ചില പ്രധാന കാര്യങ്ങൾ താഴെ സൂചിപ്പിക്കുന്നു.

- ഇന്ത്യയിലെ ഏലക്കയുടെ വിളവെടുപ്പ് ആഗസ്റ്റ് മുതൽ മാർച്ച് മാസം വരെ നീണ്ടു നിൽക്കുന്നു.
- ഏലം വിപണിയിൽ ഏറ്റവും അധികം ചരക്കെത്തുന്നത് ഒക്ടോബർ – ഡിസംബർ വരെയുള്ള സമയമാണ്.
- ഏലത്തിന്റെ പ്രധാന ഉൽപ്പാദന മേഖലകളായ അടിമാലി, കട്ടപ്പന, വണ്ടൻമേട്, കുമിളി, വണ്ടിപ്പെരിയാർ എന്നിവിടങ്ങളിൽ നടത്തിയ ഒരു സർവ്വേ നൽകുന്ന സൂചനകളിൽ, ഈ വർഷത്തെ ഏലക്കയുടെ ഉൽപ്പാദനം കഴിഞ്ഞ വർഷത്തേക്കാൾ 15 മുതൽ 20% വരെ കുറവാണ് എന്നാണ്. ഇതിന് കാരണം, ജനുവരി-ഫെബ്രുവരി-മാർച്ച് മാസങ്ങളിലെ വരൾച്ചയാണ്. ഉൽപ്പാദനത്തിൽ സംഭവിച്ച ഈ കുറവ് 25 – 30% വരെ ആണ് എന്നാണ് കച്ചവട വൃത്തങ്ങളുടെ അനുമാനം.
- ലോകത്തിലെ ഏല ഉൽപാദനത്തിൽ സുപ്രധാന സ്ഥാനം വഹിക്കുന്ന ഗോട്ടിമാലയിൽ കാലാവസ്ഥാ വ്യതിയാനം മൂലം ഈ വർഷം ഏലത്തിന്റെ ഉൽപാദനത്തിൽ കാര്യമായ ഇടിവ് സംഭവിക്കുമെന്നാണ് മനസ്സിലാക്കുവാൻ സാധിക്കുന്നത്. അതിനാൽത്തന്നെ ഗോട്ടിമാലയിൽ നിന്നുള്ള ഏലം ഇത്തവണ നമ്മുടെ ഏലവുമായി മത്സരിക്കുവാനുള്ള സാധ്യത തീരെ കുറവായിരിക്കും.
- അന്തർദ്ദേശീയ തലത്തിലും ആഭ്യന്തര താലത്തിലും ഉണ്ടായ ഉൽപാദന ഇടിവ് ഏലക്കയുടെ വിപണിയിൽ പ്രതിഫലിച്ചു തുടങ്ങിയിട്ടുണ്ട്. കഴിഞ്ഞ വർഷം ഒക്ടോബർ,നവംബർ,ഡിസംബർ മാസങ്ങളിൽ കി.ഗ്രാമിന് ശരശരി 500 രൂപ മത്രമായിരുന്ന ഏലക്കയുടെ വില ഇത്തവണ ഡിസംബർ 16ന് വണ്ടൻമേട്ടിൽ നടന്ന ലേലത്തിൽ 957 രൂപ വരെ എത്തി. സുപ്രധാന എക്സ്പോർട്ട് ഗ്രേയ്ഡ് ആയ AGEB യുടെ വില ഈ സീസണിൽ (ക്രിസ്തുമസിനുശേഷം) 1000 രൂപ കടക്കുവാനുള്ള എല്ലാ സാധ്യതകളും കാണുന്നു. അവധി വ്യാപാര വിലകൾ നൽകുന്നസൂചനകളും ഈ ഒരു സാധ്യതയിലേക്ക് വിരൽ ചൂണ്ടുന്നു.
- ഇത്തരത്തിലുള്ള ഒരു സാഹചര്യത്തിൽ, കേരള കാർഷിക സർവകലാശാലയുടെ കാർഷികസാമ്പത്തിക വിഭാഗത്തിനു കീഴിലുള്ള മാർക്കറ്റ് ഇന്റലിജൻസ് സെന്റർ

വണ്ടൻമേട്ടിലെ കഴിഞ്ഞ 13 വർഷത്തെ ലേലവിലയുടെ ശരാശരി വിലയെ ആധാരമാക്കി നടത്തിയ ശാസ്ത്രീയ പഠനത്തിൽ ഉരുത്തിരിഞ്ഞത്, ജനുവരി–ഫെബ്രുവരി–മാർച്ച് മാസങ്ങളിൽ ഏലക്കയ്ക്കു താഴെ പറയുന്ന വില ലഭ്യമാകനുള്ള സാധ്യതയിലേക്കാണ്.

| Month | Rs/Kg |
|---|---|
| January'10 | 860-950 |
| February'10 | 870-975 |
| March'10 | 850-900 |

ജനുവരിയിൽ നല്ല മഴ ലഭിച്ചാൽ വിളവെടുപ്പ് നീണ്ടുപോകാനുള്ള സാധ്യത ഉണ്ടെങ്കിലും വരും മാസങ്ങളിൽ നിലവിൽ വരുവാനുള്ള മെച്ചപ്പെട്ട കമ്പോള സാധ്യതകൾ കണക്കിലെടുത്ത് സ്റ്റോറേജ് സൗകര്യങ്ങൾ ഉള്ള കർഷകർ തിരക്കിട്ട് വില്പന നടത്താതെ ഫെബ്രുവരി– മാർച്ച് വരെ ക്രമീകരിച്ച് വില്ക്കുന്നതാവും കൂടുതൽ അഭികാമ്യമെന്ന് പ്രസ്തുത പഠനം ചൂണ്ടിക്കാട്ടുന്നു.

